# കോഴിക്കോട് വൻ കഞ്ചാവ് വേട്ട

3 കിലോ കഞ്ചാവുമായി 2 പേർ പോലീസ് പിടിയിൽ. കോഴിക്കോട് ജില്ലയിൽ വലിയ അളവിൽ കഞ്ചാവ് വില്പന നടത്തുന്ന കുറ്റിച്ചിറ സ്വദേശി ബഷീർ എന്ന അളിയൻ ബഷീർ (38വയസ്സ്) നെ 1.250 കിലോഗ്രാം കഞ്ചാവുമായി പന്നിയങ്കര പോലീസും ഇയാളുടെ കൂട്ടാളിയായ കല്ലായ് മഞ്ചുനിലയം മനുവിനെ (24വയസ്സ്) 1.750 കിലോഗ്രാം കഞ്ചാവുമായി കസബ പോലീസും അറസ്റ്റ് ചെയ്തു.

മുൻപ് കഞ്ചാവ് കേസിൽ ഉൾപ്പെട്ട ആളുകളെ കേന്ദ്രീകരിച്ച് കോഴിക്കോട് സിറ്റി പോലീസ് കമ്മീഷണർ ശ്രീ. കാളിരാജ് മഹേഷ് കുമാർ ഐ പി എസ് ന്റെ നിർദ്ദേശ പ്രകാരം കോഴിക്കോട് സിറ്റി ആൻറി നാർക്കോട്ടിക്ക് അസി.കമ്മീഷണർ എ ജെ ബാബുവിന്റെ നേതൃത്വത്തിലുള്ള ആൻറി ഗുണ്ട സ്ക്വാഡ് കഴിഞ്ഞ മാസങ്ങളിൽ കഞ്ചാവ് വില്പനയ്ക്ക് പിടികൂടിയവരിൽ നിന്നും കുറ്റിച്ചിറ സ്വദേശിയായ ബഷീർ ആണ് ജില്ലയിലെ ചില്ലറ വില്പനകാർക്ക് കഞ്ചാവ് എത്തിച്ച് നൽക്കുന്നതെന്ന് പോലീസിന് വിവരം ലഭിച്ചി രുന്നു ഇയാളെ കേന്ദ്രീകരി ച്ച് ആന്റി ഗുണ്ട സക്വാഡ് നടത്തിയ അന്വേഷണത്തിൽ കല്ലായ് സ്വദേശിയായ മനു എന്ന യുവാവ് മുഖേനയാണ് ഇയാൾ കഞ്ചാവ് ചില്ലറ വില്പനക്കാർക്ക് കൈമാറ്റം ചെയ്യുന്നതെന്ന് മനസ്സിലാക്കിയ പോലീസ് ഇവർക്കായി വലവിരിച്ചിരുന്നു. കോഴിക്കോട് നഗരപരിധിയിലെ എല്ലാ പോലീസ് സ്റ്റേഷനുകളിലും ഇവരുടെ ഫോട്ടോ ഉൾപ്പെടെയുള്ള വിവരങ്ങൾ കമ്മീഷണറുടെ നിർദ്ദേശ പ്രകാരം കൈമാറുകയും പട്രോളിങ്ങിനിടെ ഇവർക്കായി തിരച്ചിൽ ശക്തമാക്കാൻ നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്. കമ്മീഷണറുടെ നിർദ്ദേശത്തെ തുടർന്ന് നഗരപരിധിയിൽ തിരച്ചിൽ ശക്തമാക്കിയ പോലീസും ആൻറി ഗുണ്ട സ്ക്വാഡും ചേർന്ന് കസബ പോലീസ് സ്റ്റേഷൻ പരിധിയിലെ ചിന്താ വളപ്പ് തളി റോഡിലെ ഒരു കടക്കു മുന്നിൽ നിന്നും 1.7 00 കിലോഗ്രാം കഞ്ചാവുമായി മനുവിനേയും കല്ലായ ഗുഡ്സ് യാട്സിന് സമീപത്ത് നിന്ന് 1.250 കിലോഗ്രാം കഞ്ചാവുമായി ബഷീറിനെയും ഞായറാഴ്ച വൈകിട്ട് ആന്റി ഗുണ്ട സ്ക്വാഡും കസബ പോലീസും പന്നിയങ്കര പോലീസും ചേർന്ന് അറസ്റ്റ് ചെയ്യുകയായിരുന്നു' പ്രതികളെ തിങ്കളാഴ്ച കോടതിയിൽ ഹാജരാക്കും. കസബ എസ്ഐമാരായ സിജിത്ത്, രാംജിത്ത്, പന്നിയങ്കര എസ് ഐമാരായ ആനന്ദ്, ഭാസ്കരൻ സി പി ഒ മാരായ സന്തോഷ് ബൈജു സുജിത്ത് പ്രജീഷ് ഷിജു ആന്റി നാർക്കോട്ടിക്ക് രാജീവ് ഷാജി സോജി നവീൻ ജോമോൻ അനുജിത്ത് രജിത്ത് ചന്ദ്രൻ രതീഷ് ജിനേഷ് സുമേഷ് എന്നിവരടങ്ങിയ അന്വേഷണ സംഘമാണ് പ്രതികളെ അറസ്റ്റ് ചെയ്തത്.